ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പാർട്ടിനേതാക്കൻമാരുടെ പരസ്പര വിരുദ്ധമായ പ്രസ്താവനകളും വന്നതുകൊണ്ടാണ് ഈ സംശയം ഇവിടെ ഉണ്ടായത്.

ശ്രീ. ഇ. എം. ജോർജ്ജ്: ശ്രീ. ശേഷൻ രാജിവച്ചുവെന്ന് ആദ്യം ഇൻഡ്യാ റേഡിയോയിലും പറഞ്ഞിരുന്നു.

മി. സ്പീക്കർ: ഇവിടെ നമ്മെ സംബന്ധിച്ചിടത്തോളം കൺമുമ്പിൽ ഇരിക്കുന്ന ശ്രീ. ശേഷനാണ് റേഡിയോയേക്കാളും നല്ലത്. അദ്ദേഹം പറഞ്ഞതാണു വാസ്തവം.

## ADJOURNMENT MOTION

### Police excesses and attack on Members of the Assembly

മി. സ്പീക്കർ: ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. എ. വി. ആര്യൻ, ശ്രീ. ടി.കെ.പി.മൂർത്തി, ശ്രീ. സി. ഗോവിന്ദപ്പണിക്കർ 9 AM] എന്നീ ബഹുമാനപ്പെട്ട മെമ്പറൻമാർ, ശ്രീ. എ.എസ്.എൻ. നമ്പീശനും ശ്രീ. മീതിയനും അനുഭവിക്കേണ്ടിവന്ന ദേഹോപദ്രവത്തെസംബന്ധിച്ചുള്ള ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസ് തന്നിട്ടുണ്ട്. ഇത് കുറെ ദിവസം മുമ്പു നടന്നതാണ്. നമുക്ക് ഇതേ സംബന്ധിച്ച് സംസാരിക്കുവാൻ രണ്ടു മൂന്നുദിവസം കിട്ടുമെന്നുള്ളതുകൊണ്ട് ഈ അടിയന്തിരപ്രശ്നം അനുവദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. നമ്പീശനു ഗുരുതരമായ മർദ്ദനം ഏറ്റു അദ്ദേഹം ഇപ്പോഴും തൃശ്ശൂർ ആശുപത്രിയിൽ കിടക്കുകയാണ്. അദ്ദേഹത്തിന് ഈ നിയമസഭയിൽ ഹാജരാകാൻ സാധിച്ചിട്ടില്ല. ഏറ്റവും ക്രൂരമായി നടത്തിയ ഈ മർദ്ദനത്തിൽ സകല രാഷ്ട്രീയ പാർട്ടികളും ശക്തമായ പ്രതിഷേധം ഉയർത്തിയതാണ്. എന്നാൽ ഗവൺമെൻറ് മർദ്ദനം നടത്തിയ ആളിനു എതിരായി യാതൊരു നടപടിയും എടുക്കാതെ ആർ. ഡി. ഒ. ലവലിൽ അന്വേഷണത്തിനു ഉത്തരവിട്ടിരിക്കുകയാണ്. ഇപ്പോഴും ശ്രീ. നമ്പീശൻ എഴുന്നേൽക്കാൻ പറ്റാതെ ആശുപത്രിയിൽ കിടക്കുകയാണ്. അദ്ദേഹത്തിനു സഭയിൽ ഹാജരാകാൻപോലും സാധിച്ചില്ല. ഗുരുതരമായ മർദ്ദനം അനുഭവിക്കേണ്ടിവന്നതു സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്തുകൊണ്ട് സസ്പെൻഡ് ചെയ്തിട്ട് ഒരു അന്വേഷണം ആരംഭിച്ചുകൂടാ. ഗവൺമെൻറിൻെറ മറുപടി കേൾക്കുവാൻ ആഗ്രഹമുണ്ട്.

ശ്രീ. ഇ. എം. ജോർജ്ജ്: ഇങ്ങനെയുള്ള അനുഭവങ്ങളും ചർച്ച ചെയ്യാൻ അവസരമുണ്ടെന്നു പറഞ്ഞാൽ , ചർച്ച ചെയ്യാൻ ഞങ്ങൾക്ക് ഇവിടെ വരാൻ കഴിയണ്ടേ, ഞങ്ങൾക്ക് ഇവിടെ വരാതിരിക്കാനും ഇടയുണ്ട്. എന്തുകൊണ്ടെന്നാൽ എം. എൽ. എ. മാരെ എം. എൽ. ഏ. മാർ എന്നു അറിഞ്ഞുകൊണ്ട് പോലീസ്.....

മി. സ്പീക്കർ: പോലീസ് ഡിമാൻറിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഈ വിഷയങ്ങളെല്ലാം സംസാരിക്കാൻ അവകാശമുണ്ട്.

ശ്രീ. ഇ. എം. ജോർജ്ജ്: ഈ കാര്യത്തിൽ ഗവൺമെൻറിൻെറ മറുപടി എന്താണെന്നു പറയണം.

LIBRARY, ARCHIVES Kerala Legislative Assembly

**Mr. Speaker:** When the reply is made at the end of the discussion on the clear Demands Government will make their position regarding these incidents.

## CALLING ATTENTION UNDER RULE 61

1970 ഫെബ്രുവരി ഒന്നാംതീയതി പീരുമേടിൽ Ranimudi, Pattumudi, Rajamudi, Kallar, തുടങ്ങിയ എസ്റ്റേറ്റുകളിലെ ഉൽപ്പന്നങ്ങൾ ലേലം ചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചതിനുശേഷം ഉണ്ടായ ഗുരുതരാവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ ശ്രീ. കെ. ഐ. രാജൻ റൂൾ അറുപത്തി ഒന്ന് അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. രാജൻ ഇവിടെയില്ല. ഉണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന് സംസാരിക്കുവാൻ അനുവാദം കൊടുക്കുമായിരുന്നു.

### Resignation of seas in the Assembly

**Mr. Speaker:** Order, Order. I have to inform the House that Shri E. Chandrasekharan Nair has resigned his seat in the Kerala Legislative Assembly with effect from February 1, 1970.

## FINANCIAL BUSINESS

### Discussion and voting on Demands for Supplementary Grants in the Budget for 1969-70.

**Mr. Speaker:** As suggested by the Leader of the Opposition, we may take up the following Demands:

Demand II—Land Revenue

Demand XIII—Police

Demand IX—Heads of States, Ministers and Headquarters Staff.

Demand XXII—Agriculture

Now the Demands may be moved.

*Minister for Revenue* (**Shri K. T. Jacob**): Sir, I move for a supplementary grant of Rs. 32,58,500 under Demand II—Land Revenue.

*Minister for Education & Home* (**Shri C. H. Mohammed Koya**): Sir I move for a supplementary grant of Rs. 100 under Demand XIII—Police.

*Chief Minister* (**Shri C. Achutha Menon**): Sir, I move for a supplementary grant of Rs. 3,30,500 under Demand IX—Heads of States, Ministers and Headquarters Staff.

*Minister for Irrigation & Agriculture* (**Shri O. Koran**): Sir, I move for a supplementary grant of Rs. 22,98,300 under Demand XXII—Agriculture

LIBRARY ARCHIVES Kerala Legislative Assembly